## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3417 24.06.2013-ൽ മറുപടി**

**വനമേഖല മാവോയിസ്റ്റുകൾ താവളമാക്കുന്നത് തടയാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ വനമേഖല മാവോയിസ്റ്റുകളുടെ കേന്ദ്രമായി മാറുന്നതായി ഏതെങ്കിലും ഏജൻസികളിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ വടക്കൻ വനമേഖലയിൽ മാവോയിസ്റ്റുകൾ അവരുടെ പ്രവർത്തനം തുടങ്ങാൻ ശ്രമിക്കുന്നതായ വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. |
| ബി) സമീപ കാലത്ത് സംസ്ഥാനത്തെ വനമേഖലയിൽ നിന്ന് മാവോയിസ്റ്റുകളുടേതെന്ന് കരുതുന്ന ആയുധശേഖരമോ ലഘു ലേഖകളോ പിടിച്ചെടുത്തിട്ടുണ്ടോ എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | (ബി) സംസ്ഥാനത്തെ വനമേഖലയിൽ നിന്ന് മാവോയിസ്റ്റുകളുടെതെന്ന് കരുതുന്ന ആയുധ ശേഖരം പിടിച്ചെടുത്തിട്ടില്ല. എന്നാൽ ലഘു ലേഖകൾ ലഭിച്ചിട്ടുണ്ട്. |
| സി) വനമേഖല മാവോയിസ്റ്റുകൾ. താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (സി) വനമേഖല മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം റിപ്പോർട്ടു ചെയ്തിട്ടുള്ള വനമേഖലകളിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്. മറ്റ് കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ